**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3403 18/02/2013-ൽ മറുപടിയ്ക്ക്

## ഗ്രീൻഹൗസ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ | | **ശ്രീ. കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാന ഗ്രീൻഹൗസ് പദ്ധതി പ്രകാരം എത്ര ഗ്രീൻഹൗസുകൾ ഇതു വരെ സ്ഥാപിച്ചുവെന്നും, ഇതിന്റെ ഫലമായി പച്ചക്കറി ഉത്പാദനത്തിൽ എത്ര വർദ്ധനവുണ്ടായി എന്നും വ്യക്തമാക്കാമോ ; | എ) | ഹൈടെക് ഫാമിംഗ് പദ്ധതി പ്രകാരമുള്ള ഗ്രീൻ ഹൗസുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടേയുള്ളൂ.പ്രസ്തുത പദ്ധതി പ്രകാരമുള്ള ഗ്രീൻ ഹൗസുകൾ സ്ഥാപിക്കുന്നതിന് അപേക്ഷകൾ ക്ഷണിക്കുകയും അവ പരിശോധിച്ച് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും ചെയ്തു കഴിഞ്ഞു. ഇവർക്ക് ബന്ധപ്പെട്ട ജില്ലകളിൽ നിന്നും അനുമതി ഉത്തരവ് നൽകി വരുന്ന പ്രകാരം ആകെ കിട്ടിയ അപേക്ഷകളിൽ നിന്നും സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം 1062 കർഷകരെ ഗുണഭോക്താക്കളായി തിരഞ്ഞെടുക്കുകയും 667 പേർക്ക് അനുമതി ഉത്തരവ് നൽകുകയും ചെയ്തു. ഇവയിൽ 106 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം പൂർത്തിയായാൽ ഇവയിൽ പച്ചക്കറി ഉത്പാദനം ആരംഭിക്കുന്നതാണ്. |
| ബി) | പ്രസ്തുത പദ്ധതിയ്ക്ക് സംസ്ഥാന വിഹിതമായി എത്ര കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്; എന്തു തുക ഇതുവരെ ചെലവഴിച്ചുവെന്നും വിശദമാക്കുമോ ; | ബി) | ഹൈടെക് പദ്ധതിയ്ക്ക് സംസ്ഥാന വിഹിതമായി 12 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 3 കോടി രൂപ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന് അനുവദിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗ നിർദ്ദേശമനുസരിച്ച് നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി അവയിൽ കൃഷി ആരംഭിച്ചാൽ മാത്രമേ കർഷകർക്ക് സബ്സിഡി വിതരണം ആരംഭിക്കുവാൻ കഴിയുകയുള്ളൂ. |

| | | | |
|---|---|---|---|
| സി) | ഗ്രീൻഹൗസുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുന്നുണ്ടോ; വിശദാംശം നൽകുമോ ? | സി) | 400 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള നാച്ചുറലി വെന്റിലേറ്റഡ് ട്യൂബുലാർ പോളീഹൗസുകൾ നിർമ്മിക്കുന്നതിന് ചിലവ് കണക്കാക്കിയിരിക്കുന്ന 3,74,000/- രൂപയിൽ 75% തുകയായ 2,80,500/- രൂപ ധനസഹായമായി നൽകുന്നു. |

**സെക്ഷൻ ഓഫീസർ**